പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 928 **14-10-2026-ൽ മറുപടിയ്ക്ക്**

ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി പുതിയ കുഴൽക്കിണറുകൾ അല്ലെങ്കിൽ കുടിവെള്ള പദ്ധതികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ചിറയിൻകീഴ് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ അഞ്ചുതെങ്ങ് മേഖലയിൽ പരിഹരിക്കുന്നതിനായി വാമനപുരം നദിയിൽനിന്ന് ജലം പമ്പ് ചെയ്ത് ആറ്റിങ്ങൽ വലിയകുന്നിലെ 15 എം.എൽ.ഡി. പ്ലാന്റിൽ ശുദ്ധീകരിച്ച് അഞ്ചുതെങ്ങ് പഞ്ചായത്ത് ഓഫീസിന് സമീപം 4 ലക്ഷം സംഭരണ ശേഷിയുള്ള OHSR നിർമ്മിച്ച് ജലം ശേഖരിച്ച് വിതരണം നടത്തിവരുന്നു. സംഭരണിയിൽ കൂടുതൽ ജലം എത്തിക്കുന്നതിനായി അർബൻ അഗ്ലോമറേഷൻ പദ്ധതിയിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. കിഴുവിലം പഞ്ചായത്തിലും ഇതേ പദ്ധതിയുടെ ഭാഗമായി 250 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) ചിറയിൻകീഴ് മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ വിശദമാക്കാമോ?

മറുപടി: ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികൾ

1. **മുദാക്കൽ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി:-** മുദാക്കൽ പഞ്ചായത്തിൽ നിലവിൽ വാളക്കാട് സ്ഥിതിചെയ്യുന്ന 11 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ നിന്നുമാണ് കുടിവെള്ളമെത്തിക്കുന്നത്. മുദാക്കൽ കൂടാതെ മംഗലപുരം, കഠിനംകുളം, അണ്ടൂർക്കോണം, പോത്തൻകോട് തുടങ്ങിയ നാല് പഞ്ചായത്തുകൾക്കു കൂടി ഇതേ ജലശുദ്ധീകരണശാലയിൽ നിന്നുമാണ് കുടിവെള്ളമെത്തിക്കുന്നത്. മുദാക്കൽ പഞ്ചായത്തിന് ആവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 6 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല ഉൾപ്പെടുന്ന പദ്ധതിക്ക് കിഫ്ബി വഴി ₹40.08 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ജലശുദ്ധീകരണശാല, റാ വാട്ടർ പമ്പിംഗ് മെയിൻ, ജലവിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഏകദേശം 50% പൂർത്തിയായി.

ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ₹24.50 കോടി രൂപയുടെ ഭരണാനുമതിയോടെ നടപ്പാക്കിയ വിതരണശൃംഖലാ പ്രവൃത്തികൾ ഏതാണ്ട് പൂർത്തിയാക്കുകയും 2,167 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

2. കഠിനംകുളം, മംഗലപുരം പഞ്ചായങ്ങൾക്കായുള്ള കുടിവെള്ള പദ്ധതി:- ജലജീവൻ മിഷനിലുൾപ്പെടുത്തി ചിറയിൻകീഴ് മണ്ഡലത്തിലെ കഠിനംകുളം, മുദാക്കൽ പഞ്ചായത്തുകളിലായി ജലവിതരണശൃംഖലയും കുടിവെള്ള കണക്ഷനുകളും പൂർത്തിയായിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആറ്റിങ്ങൽ ആറാട്ടുകടവിൽ കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 18 എം.എൽ.ഡി. ശേഷിയുള്ള ഒരു പുതിയ ജലശുദ്ധീകരണശാല പണിയുകയും, കഠിനംകുളം, മംഗലപുരം പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് വക സ്ഥലത്ത് 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിച്ച് അതിനോടനുബന്ധിച്ചുള്ള പൈപ്പ് ലൈനുകളും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ജലജീവൻ മിഷനിൽനിന്ന് ഏകദേശം ₹35 കോടിയും അർബൻ അഗ്ലോമറേഷൻ പദ്ധതിയിൽനിന്ന് ₹15 കോടിയും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ അർബൻ അഗ്ലോമറേഷനിലൂടെ നിർമ്മിക്കുന്ന ജലശുദ്ധീകരണശാലയുടെ പ്രവൃത്തിക്കുള്ള കരാർ നൽകിയിട്ടുണ്ട്. ജലസംഭരണിയുടെയും പൈപ്പ് ലൈനുകളുടെയും ടെൻഡർ നടപടികൾ പൂർത്തിയായെങ്കിലും ഹൈക്കോടതിയിലെ വ്യവഹാരം കാരണം തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്. പ്രവൃത്തി കരാർ നൽകിയതിനുശേഷം 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി യാഥാർഥ്യമാകുന്നതോടെ കഠിനംകുളം, മംഗലപുരം പഞ്ചായങ്ങൾക്കു പുറമേ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, അണ്ടൂർക്കോണം. പോത്തൻകോട് പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കും.

സെക്ഷൻ ഓഫീസർ